**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>സമ്പൂർണ്ണ നിർമ്മൽ സ്റ്റേറ്റ് പദവി</u>**

4724 **ശ്രീ. ബെന്നി ബെഹനാൻ**
'' **സി.പി. മുഹമ്മദ്**
'' **കെ. മുരളീധരൻ**
'' **ഹൈബി ഈഡൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സംസ്ഥാനത്തെ സമ്പൂർണ്ണ നിർമ്മൽ സ്റ്റേറ്റ് പദവിയിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ;**

(ബി) **മാലിന്യ സംസ്ക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ നേട്ടങ്ങൾ കൈവരിയ്ക്കുന്നതിനും അത് നിലനിർത്തുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം സുതാര്യവും ജനോപകാരപ്രദവുമാക്കുന്നതിനുള്ള നടപടികൾ**

4725 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം സുതാര്യവും കൂടുതൽജനോപകാരപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകൾക്ക് ധനവിനിയോഗം സംബന്ധിച്ച് കൂടുതൽ അധികാരം, കൂടുതൽ ജീവനക്കാരുടെ നിയമനം, സ്വന്തമായിട്ടുള്ളതും കൂടുതൽ സൗകര്യങ്ങളുള്ളതും സുരക്ഷിതവുമായ കെട്ടിടങ്ങൾ തുടങ്ങിയവ അടിയന്തിരമായി അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുള്ള വിദേശസഹായം</u>

4726 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെങ്കിലും വിദേശസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്ന് എത്രയെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>പഞ്ചായത്തുകളിൽ ഹരിത സാങ്കേതിക കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി</u>**

**4727 ശ്രീ. മോൻസ് ജോസഫ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സംസ്ഥാനത്ത് ഹരിത സാങ്കേതിക കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;**

(ബി) **നടപ്പ് സാമ്പത്തികവർഷം ഏതൊക്കെ പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതിക്കുവേണ്ടി കൃഷി വകുപ്പിന്റെ സാങ്കേതികസഹായം ലഭ്യമാണോയെന്ന് വിശദമാക്കുമോ;**

(സി) **ഹരിത സാങ്കേതിക കേന്ദ്രം പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ?**

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുതല പഞ്ചവത്സര പദ്ധതികൾ**

**4728 ശ്രീ. സാജുപോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതികൾ ഏത് വർഷം മുതൽ നിലവിൽ വരും

(ബി) ഭരണ സമിതിയിൽ മാറ്റം വന്നാൽ പദ്ധതിയിൽ മാറ്റം വരുത്താൻ പുതിയ ഭരണ സമിതിക്ക് അധികാരം ഉണ്ടാകുമോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുക ഖജനാവിൽ നിന്നും നീക്കി വെക്കുമെന്നും ഏതൊക്കെ മേഖലകൾക്ക് കൂടുതൽ പരിഗണന നൽകുന്നതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

ഹരിതഗ്രാമം-ശുചിത്വഗ്രാമം പദ്ധതി

4729 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹരിതഗ്രാമം-ശുചിത്വഗ്രാമം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തു കൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത ആവശ്യത്തിനായി കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചിത്വമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ യെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ശുചിത്വമിഷൻ</u>

4730 ശ്രീ. ബി സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ശുചിത്വമിഷൻ സർക്കാർ ആശുപത്രികളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താറുണ്ട്; വിശദമാക്കാമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>പ്രദേശങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ</u>

4731 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്യുന്ന മിക്ക പദ്ധതികളും, പ്രാദേശികമായ പ്രത്യേക സാഹചര്യങ്ങൾ പരിഗണിക്കാതെയുള്ളവയാകയാൽ, മിക്കപ്പോഴും അപ്രായോഗിക മായിത്തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) അതതു പ്രദേശത്തിന്റെ ഭൗതികസാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പ്രദേശത്തിനു യോജ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കു ന്നതിന് വേണ്ടി മാത്രമായി വിദഗ്ദ്ധ സമിതികൾ നിലവിലുണ്ടോ;

(സി) ഇല്ലായെങ്കിൽ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അത്തരം സമിതികളുടെ ബ്ലോക്ക്/ജില്ല അടിസ്ഥാനത്തിലുള്ള രൂപീകരണ ത്തിന് ശ്രമമുണ്ടാകുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്**
**ലോകബാങ്ക് സഹായം**

4732 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് മുഖേന 2011-12 വർഷത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് സഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ എത്ര കോടി രൂപ സഹായം ലഭിച്ചുവെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അറവുശാലകൾ**

**4733 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അറവുശാലകൾ ആധുനികവൽക്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) എല്ലാ പഞ്ചായത്തുകളിലും അറവു ശാലകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; അനധികൃത അറവു ശാലകളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്ത് നികുതി പിരിവ്

4734 ശ്രീ. വി. ശശി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വിവിധയിനം നികുതികൾ, ഫീസുകൾ തുടങ്ങിയവ സമയ ബന്ധിതമായി സമാഹരിക്കാത്തതിനാലും കാലാനുസൃതമായി നികുതികളും ഫീസുകളും പുതുക്കാത്തതിനാലും നികുതി നഷ്ടം സംഭവിച്ചിട്ടുളളതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നികുതിയും ഫീസും സമാഹരിക്കുന്നതിന് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നികുതി പിരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ പ്യൂൺ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പ്യൂൺ തസ്തികയിലെ ജീവനക്കാർക്ക് നികുതി പിരിവ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്ന പ്രൊമോഷൻ പുന:സ്ഥാപിക്കാനുളള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>വാണിജ്യ കെട്ടിടങ്ങളുടെ നികുതി വർദ്ധനവ്</u>**

**4735 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്ലിന്ത് ഏരിയായുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പുതിയ നികുതി നിർദ്ദേശ പ്രകാരം വാണിജ്യ കെട്ടിടങ്ങൾക്ക് വീടുകളെക്കാൾ 20 ഇരട്ടിയോളം നികുതി നിശ്ചയിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) വാണിജ്യ കെട്ടിടങ്ങളുടെ നികുതിക്ക് പരിധി ഏർപ്പെടുത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകൾ നൽകുന്ന ഉടമസ്ഥത/താമസ സർട്ടിഫിക്കറ്റുകളിൽ പഴയ നമ്പർകൂടി രേഖപ്പെടുത്തണമെന്ന ആവശ്യം**

**4736 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം കെട്ടിട നികുതി രജിസ്റ്റർ പുതുക്കുന്ന ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന ഉടമസ്ഥത/താമസ സർട്ടിഫിക്കറ്റുകളിൽ പുതുക്കിയ നമ്പർ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് ഉൾപ്പെടെയുള്ള മറ്റു രേഖകളിലെ വിവരങ്ങളുമായി ഈ നമ്പർ പൊരുത്തപ്പെടാത്തതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന ഉടമസ്ഥത/താമസ സർട്ടിഫിക്കറ്റുകളിൽ പഴയതും പുതിയതുമായ രണ്ടു നമ്പറുകളും രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ജനനമരണ രേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം**

4737 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനനമരണ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിന് ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോയെന്നും ഇത് എന്ന് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ജനന - മരണ സര്‍ട്ടിഫിക്കറ്റുകളിലെ തെറ്റു തിരുത്തല്‍**

4738 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ആശുപത്രിരേഖകളിലെ തെറ്റുകള്‍ കാരണം ജനന-മരണ സര്‍ട്ടിഫിക്കറ്റുകളിലുണ്ടാകുന്ന തെറ്റുകള്‍ തിരുത്തുന്നതിന് ഇപ്പോള്‍ എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളത്;

(ബി) ഇത് സംബന്ധമായ ഉത്തരവുകളുടെ പകര്‍പ്പുകള്‍ ലഭ്യമാക്കുമോ;

(സി) ആശുപത്രിരേഖകളിലെ തെറ്റുകള്‍ കാരണം ജനന-മരണ സര്‍ട്ടിഫിക്കറ്റുകളില്‍ വന്ന തെറ്റുകള്‍ തിരുത്തുന്നതിനുള്ള നടപടി ക്രമങ്ങള്‍ ലഘൂകരിക്കുന്നതിനും, കുറഞ്ഞ സമയംകൊണ്ട് തിരുത്തി നല്‍കുന്നതിനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>ജനന-മരണ സർട്ടിഫിക്കറ്റുകളുടെ ഡിജിറ്റലൈസേഷൻ</u>**

**4739 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനന മരണ സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ ലഭ്യമാക്കാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) 15 വയസ്സിന് താഴെയുള്ള കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിലെ പേരിൽ മാറ്റം വരുത്തുന്നതിന് ആവശ്യമായ വ്യവസ്ഥകളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ജനന സർട്ടിഫിക്കറ്റുകൾ സർക്കാർ ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ ജനന മരണ സർട്ടിഫിക്കറ്റുകൾ വിതരണം**

4740 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ ജനന മരണ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ തക്കവിധമുള്ള ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുമോ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>ഓൺലൈൻ വഴി വിവാഹ രജിസ്ട്രേഷൻ</u>**

**4741 ശ്രീ. എം. വി. ശ്രേയാംസ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ വഴിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് വിവാഹ രജിസ്ട്രേഷൻ ഓൺ ലൈൻ വഴിയാക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) വയനാട്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കംപ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞിട്ടും വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ വഴിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പൗരാവകാശരേഖ പുതുക്കൽ സംവിധാനം**

4742 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൗരാവകാശരേഖ പുതുക്കുന്നത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ എന്തെങ്കിലും നിയമവ്യവസ്ഥ യുണ്ടോ ; എങ്കിൽ പ്രസ്തുത വ്യവസ്ഥ എന്താണ് ; എന്നറിയിക്കുമോ ;

(ബി) ഇപ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച ചുമതല പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിന് നൽകുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ പ്രയോജനം അർഹതപ്പെട്ടവർക്ക് ലഭിക്കാൻ നടപടി**

**4743** **ശ്രീമതി കെ. എസ് സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ പ്രയോജനം അർഹരായവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി നിലവിൽ എത്ര ശതമാനം ഫണ്ടാണ് വിനിയോഗിക്കുന്നത്; ആയത് എത്ര ശതമാനമായി വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്;

(സി) 'ആശ്രയ പദ്ധതി' സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ; പദ്ധതി നടപ്പിൽ വരുത്താത്ത പഞ്ചായത്തുകൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും പ്രസ്തുത പദ്ധതിയിലൂടെ അർഹതപ്പെട്ടവരെ കണ്ടു പിടിച്ച് ആനുകൂല്യം അർഹരായവർക്ക് ഉറപ്പാക്കാൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**ഐ. എ. വൈ. ഭവന നിർമ്മാണം - അധിക വിഹിതം**

**4744 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തിൽ ഭവന നിർമ്മാണത്തിന് എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ അധിക വിഹിതമായി എത്ര തുക ബ്ലോക്ക് പഞ്ചായത്തിന് പുറക്കാട് ഗ്രാമപഞ്ചായത്ത് നൽകേണ്ടതുണ്ട് ;

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പുറക്കാട് ഗ്രാമപഞ്ചായത്തിന് പ്രസ്തുത തുക ഒടുക്കാൻ സർക്കാർ സാമ്പത്തിക സഹായം നൽകുന്നകാര്യം പരിഗണനയിലുണ്ടോ ;എന്നറിയിക്കുമോ;

(ഡി) ഇത്തരത്തിൽ ആവശ്യം ഉന്നയിച്ച് പുറക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഇ.എം.എസ് ഭവന പദ്ധതി ലക്ഷ്യം കാണാതെ പോയതിന്റെ കാരണം**

**4745 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഇ.എം.എസ്. ഭവന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ ഗ്യാരണ്ടിയോടെ പൂർത്തിയാക്കാൻ ഉദ്ദേശിച്ച പ്രസ്തുത ഭവന പദ്ധതി ലക്ഷ്യം കാണാതെ പോയതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും ലഭിച്ച വായ്പയുടെ പലിശ സർക്കാർ നൽകുമെന്ന പ്രഖ്യാപനത്തിൽ നിന്നും സർക്കാർ പിൻമാറാൻ തീരുമാനിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇങ്ങനെ ഒരു ഉത്തരവ് ഇറക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനെത്തുടർന്ന് അധികാരത്തിൽ എത്തിയ പുതിയ ഭരണ സമിതികൾ ഇ.എം.എസ്. സമ്പൂർണ്ണ് പാർപ്പിട പദ്ധതി നടപ്പാക്കാതിരുന്നതിന് സർക്കാർ ഉത്തരവ് കാരണമായിട്ടുണ്ടോ ;

(ഇ) വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് നൽകുന്നതിനായി എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മിച്ചു നല്കിയ വീടുകൾ**

**4746** **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു നൽകിയ വീടുകളുടെ ജില്ല തിരിച്ചും പഞ്ചായത്ത് തിരിച്ചും ഉളള കണക്ക് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര വീടുകൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>പകർച്ചവ്യാധികൾ തടയാൻ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി</u>**

**4747 ശ്രീ. റ്റി.വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ മാലിന്യ സംസ്ക്കരണം ഫലപ്രദമായി നടത്തുന്നതിന് പഞ്ചായത്തുകൾ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ:

(ബി) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതു തടയാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മുപ്പതു മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിരോധനം**

**4748 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുപ്പത് മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിരോധിച്ചിട്ടും ഇവ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ കർശന നടപടി സ്വീകരിക്കുമോ;

(ബി) മുപ്പത് മൈക്രോണിൽ താഴെയുള്ളവ മുപ്പത്തൊന്ന് മൈക്രോൺ എന്ന് മുദ്രവച്ച് വിൽപ്പന നടത്തുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ മാലിന്യ സംസ്ക്കരണ പദ്ധതി</u>

4749 ശ്രീ. വി.ഡി. സതീശൻ
'' പാലോട് രവി
'' പി.എ. മാധവൻ
'' റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശി ക്കുന്നത് ; വ്യക്തമാക്കുമോ;

(ഡി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി വ്യാപിപ്പി ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ശുചീകരണ പ്രവര്‍ത്തനങ്ങള്‍ സംബന്ധിച്ച് പഞ്ചായത്തുകള്‍ക്ക് നല്‍കിയിട്ടുള്ള നിര്‍ദ്ദേശം**

4750 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ശുചീകരണ പ്രവര്‍ത്തനം നടത്തുന്നത് സംബന്ധിച്ച് പഞ്ചായത്തുകള്‍ക്ക് എന്തൊക്കെ നിര്‍ദ്ദേശങ്ങളാണ് നല്‍കിയിട്ടുള്ളത്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(ബി) മേല്‍ നിര്‍ദ്ദേശങ്ങള്‍ എല്ലാ പഞ്ചായത്തുകളും കൃത്യമായി പാലിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത്തരം പഞ്ചായത്തുകള്‍ക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>പഞ്ചായത്ത് വകുപ്പിലെ സ്ഥലംമാറ്റമാനദണ്ഡങ്ങള്‍</u>**

**4751 ശ്രീ. കെ. കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്തുവകുപ്പില്‍ നിലവിലുള്ള മാനദണ്ഡങ്ങള്‍ മറികടന്ന് ഏതെങ്കിലും സ്ഥലമാറ്റം ഒരു വര്‍ഷത്തിനിടയില്‍ നടന്നിട്ടുണ്ടോ ;

(ബി) എങ്കില്‍ ഏതെല്ലാം സ്ഥലമാറ്റങ്ങളാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്ത് ഓഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തത**

4752 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തതമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് രേഖകൾ നൽകുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഫ്രണ്ട്സ് കേന്ദ്രങ്ങളുടെ സേവനത്തിലൂടെ സമയബന്ധിതമായി പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പഞ്ചായത്തുകൾക്ക് സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളുടെ ഗ്രേഡിങ്ങും ജീവനക്കാരുടെ പുനർവിന്യാസവും**

4753 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളെ ഗ്രേഡ് തിരിച്ച് വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഗ്രേഡിംഗിനായി ഏതു മാനദണ്ഡമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഒരേ രീതിയിൽ പ്രവർത്തിക്കുന്നതും ഒരേ ജോലിഭാരവുമുള്ളതായ പഞ്ചായത്തുകളിൽ ജീവനക്കാരുടെ എണ്ണം വ്യത്യസ്തമായി നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുവാനായി പഞ്ചായത്തുകളെ തരംതിരിച്ച് ജീവനക്കാരെ പുനർവിന്യസിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>പഞ്ചായത്തുകളിലെ വർദ്ധിച്ചുവരുന്ന ജോലിഭാരം പരിഹരിക്കാൻ നടപടി</u>**

**4754 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ വർദ്ധിച്ചുവരുന്ന ജോലിഭാരത്തിനനുസരണമായി പഞ്ചായത്ത് ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഗ്രാമപഞ്ചായത്ത് ഓഫീസ് ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങള്‍ പ്രദര്‍ശിപ്പിക്കാന്‍ നടപടി**

4755

**ശ്രീ. പുരുഷന്‍ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരുടെ പേരും, അവര്‍ വഹിക്കുന്ന ചുമതലകള്‍ സംബന്ധിച്ച വിവരങ്ങളും, ഓഫീസിലെ ഹാജര്‍ നിലയും പൊതുജനങ്ങള്‍ക്ക് മനസ്സിലാകും വിധം പരസ്യ ബോര്‍ഡ് പ്രദര്‍ശിപ്പിക്കുന്നതിന് സര്‍ക്കാര്‍ നിര്‍ദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കില്‍ ഇപ്രകാരം ബോര്‍ഡ് സ്ഥാപിയ്ക്കുന്നതിന് നിര്‍ദ്ദേശിക്കുമോ;

(ബി) നിലവില്‍ നിര്‍ദ്ദേശമുണ്ടെങ്കില്‍ അപ്രകാരം ബോര്‍ഡ് സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും അവ പരിപാലിക്കുന്നുണ്ടെന്നും പരിശോധിച്ച് ഉറപ്പാക്കാന്‍ ജില്ലാതല ഉദ്യോഗസ്ഥര്‍ക്ക് നിര്‍ദ്ദേശം നല്‍കാമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ചെങ്കള, കുമ്പള പഞ്ചായത്തുകളിലെ അക്കൗണ്ടന്റ് തസ്തിക**

**4756 ശ്രീ. എൻ.എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ഫസ്റ്റ് ഗ്രേഡ് പഞ്ചായത്തുകളായ ചെങ്കള, കുമ്പള ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക നിലവിൽ ഉണ്ടായിരുന്നോ എന്നും എന്തു കാരണത്താലാണ് പ്രസ്തു തസ്തികകൾ ഒഴിവായിപോയത് എന്നും അറിയിക്കുമോ ;

(ബി) നിലവിൽ അക്കൗണ്ടന്റിന്റെ ജോലി ഏതു രീതിയിലാണ് നടത്തിവരുന്നത് എന്ന് വിശദീകരിക്കുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**പഞ്ചായത്ത് വകുപ്പിൽ സ്പോർട്സ് ക്വാട്ടയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചവർ**

**4757 ശ്രീ. അൻവർ സാദത്ത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ 01.01.2006 മുതൽ നാളിതുവരെ സ്പോർട്സ് ക്വാട്ടയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചവർ ആരെല്ലാമാണ്;

(ബി) ഇവരിൽ നിലവിൽ ആക്ടീവ് സ്പോർട്സിൽ തുടരുന്നവർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം നിയമനം ലഭിക്കുകയും നിലവിൽ ആക്ടീവ് സ്പോർട്സിൽ തുടരാതെ ഇരിക്കുകയും ചെയ്യുന്നവരെ റഗുലർ തസ്തികയിലേയ്ക്ക് ക്രമപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കെട്ടിടനിർമ്മാണ സാമഗ്രികൾ റോഡുകളിൽ നിക്ഷേപിക്കുന്നത് തടയാൻ നടപടി</u>**

**4758 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യക്തികളും സ്ഥാപനങ്ങളും കെട്ടിടനിർമ്മാണ സാമഗ്രികൾ റോഡുകളിൽ നിക്ഷേപിക്കുന്നതു മൂലം റോഡുകൾ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ റോഡിൽ നിന്ന് നീക്കം ചെയ്യാതിരിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ നടപടി

4759 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കൾ കാൽനടക്കാരെയും ഇരുചക്രവാഹനയാത്രക്കാരെയും കന്നുകാലികളെയും ആക്രമിക്കുകയും ഗുരുതരമായി പരിക്കേൽപ്പിക്കുകയോ മരണത്തിനിടയാക്കുകയോ ചെയ്യുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും അവയുടെ വംശവർദ്ധന തടയുന്നതിനും നടപടികൾ എടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പൊതുജനങ്ങൾക്ക് കടുത്ത ഭീഷണിയുയർത്തുന്ന ഇക്കാര്യത്തിൽ എന്തു നടപടി കൊണ്ടു പരിഹാരം ഉണ്ടാക്കുവാനാണ് ശ്രമിക്കുന്നത് എന്നു പറയാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതി നിർവ്വഹണത്തിൽ നീന്തൽ പരിശീലനം ഉൾപ്പെടുത്താൻ നടപടി**

**4760**

**ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മേഖലകൾ തിരിച്ചിട്ടുണ്ടോ എന്നും മേഖലകൾ ഏതൊക്കെ എന്നും, എത്ര ശതമാനം വീതമാണ് ഓരോ മേഖലയ്ക്കും നീക്കി വെയ്ക്കപ്പെട്ടിട്ടുളളത് എന്നും വ്യക്തമാക്കാമോ;

(ബി) ഇങ്ങനെയുളള ഓരോ മേഖലയിലും, മാൻഡേറ്ററിയായി ഉൾപ്പെടുത്തേണ്ട പദ്ധതികളും പദ്ധതി നടത്തിപ്പിനായി നീക്കിവെയ്ക്കേണ്ട വിഹിതം എത്ര ശതമാനവും എന്ന് സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്ക എന്നും നിശ്ചയിക്കപ്പെട്ടിട്ടുളള ശതമാനം എത്ര എന്നും വ്യക്തമാക്കാമോ;

(സി) നീന്തൽ അറിയാത്തതുമൂലം നിരവധി പേർ ഓരോ വർഷവും മുങ്ങിമരിക്കുന്നതിനാൽ സേവന മേഖലയിലുൾപ്പെടുത്തി നിർബന്ധമായും ചെയ്യേണ്ടുന്ന പ്രോജക്ടുകളുടെ പട്ടികയിൽ നീന്തൽ പരിശീലനം ഉൾപ്പെടുത്താനും അതിന് സേവന മേഖലയ്ക്ക് അനുവദിക്കുന്ന ശതമാനത്തിന്റെ നിശ്ചിത ശതമാനം മാനഡേറ്ററി ആക്കി നീക്കിവെയ്ക്കാനും സർക്കാർ തയ്യാറാകുമോ; ഇതു സംബന്ധിച്ച എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തിന്റെ പരിധിയിൽവരുന്ന സ്കൂളുകളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം ലഭിക്കുംവിധം പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഇത് ഒരു മാൻഡേറ്ററി ഇനമായി ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>ഗ്രാമയാത്രയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ</u>**

**4761 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമയാത്രയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് ഗ്രാമയാത്ര സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുളളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കുടുംബശ്രീ നടപ്പാക്കുന്ന തൊഴിൽകൂട്ടം പദ്ധതി**

4762 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നടപ്പാക്കുന്ന തൊഴിൽക്കൂട്ടം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ;

(ബി) ഒരു സി. ഡി. എസിൽ എത്ര തൊഴിൽ കൂട്ടങ്ങൾ വീതം രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവ് എവിടെ നിന്നാണ് കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ**

4763 ശ്രീ. സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്
'' പി. എ. മാധവൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ;

(ബി) പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ കുടുംബങ്ങളെയും കണ്ടെത്തി ഓരോ കുടുംബത്തിൽനിന്നും ഒരംഗത്തെ ഇതിൽ ഉൾപ്പെടുത്തുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

<u>കരുവാറ്റ കുടുംബശ്രീ സി. ഡി. എസിന്റെ സാമ്പത്തിക പ്രവര്‍ത്തനങ്ങള്‍</u>

4764 **ശ്രീ. രമേശ് ചെന്നിത്തല**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ഹരിപ്പാട് ബ്ലോക്കിലെ കരുവാറ്റ കുടുംബശ്രീ സി. ഡി. എസിന്റെ സാമ്പത്തിക പ്രവര്‍ത്തനങ്ങള്‍ സംബന്ധിച്ച് എന്തെങ്കിലും പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത പരാതിയിന്മേല്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമെന്നും, ഇതിന്റെ നിലവിലെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച സര്‍ക്കാര്‍ ഉത്തരവ് സമയബന്ധിതമായി നടപ്പാക്കുന്നതില്‍ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക ക്രമക്കേട് കാട്ടുന്ന കുടുംബശ്രീ അംഗങ്ങള്‍ക്കെതിരെ സത്വര നടപടി ഉറപ്പുവരുത്തുന്നതിനും അവരെ കുടുംബശ്രീയുടെ ഭരണസമിതി - ഭാരവാഹി സ്ഥാനങ്ങളില്‍ നിന്നും അടിയന്തിരമായി നീക്കം ചെയ്യുന്നതിനും സാധിക്കുന്ന വിധത്തില്‍ കുടുംബശ്രീ ബൈലോയില്‍ ഭേദഗതി വ്യവസ്ഥകള്‍ ഉള്‍ക്കൊള്ളിക്കുന്ന കാര്യം സര്‍ക്കാരിന്റെ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**വൈക്കത്തെ പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം വഴി നടപ്പിലാക്കിയ പദ്ധതികൾ**

4765 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ 2011-12 വർഷം പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നും എത്ര തുക വീതം ചെലവഴിച്ചു എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആരോഗ്യമേഖലയ്ക്കായി ഈ വർഷം വൈക്കം മണ്ഡലത്തിലെ പഞ്ചായത്തുകൾ എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം വഴി നടപ്പിലാക്കിയ പദ്ധതികൾക്ക് എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പൊന്നാനി മണ്ഡലത്തിൽ വെളിയങ്കോട് ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനം**

**4766** **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ വെളിയങ്കോട് ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനത്തിന് അനുമതി ലഭിക്കാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള എല്ലാ സർക്കാർ നിയമങ്ങളും പാലിക്കപ്പെട്ടിട്ടാണ് ഗ്രാമപഞ്ചായത്ത് ശ്മശാനം തുടങ്ങാൻ തീരുമാനിച്ചത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉദ്യോഗസ്ഥരുടെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ ശ്മശാനത്തിന് അനുമതി ലഭിക്കാത്തത്; വിശദമാക്കുമോ;

(ഡി) ഇവ പരിഹരിച്ച് ശ്മശാനം അടിയന്തിരമായി തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കുന്ദമംഗലത്തെ ബിവറേജസ് കോര്‍പ്പറേഷന്റെ ഡിപ്പോയ്ക്ക് പഞ്ചായത്ത് ലൈസന്‍സ്**

**4767** ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് പ്രവര്‍ത്തിക്കുന്ന ബിവറേജസ് കോര്‍പ്പറേഷന്റെ ഡിപ്പോയ്ക്ക് പഞ്ചായത്ത് ലൈസന്‍സ് നല്‍കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) മദ്യവ്യാപാരം ലൈസന്‍സില്ലാതെ നടത്തുന്നതിനെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടി ട്ടുണ്ടോ ;

(സി) കുന്ദമംഗലം പഞ്ചായത്തില്‍, പഞ്ചായത്തിന്റെ ലൈസന്‍സില്ലാതെ എത്ര ബാറുകളും കളളുഷാപ്പുകളുമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പെരുങ്കടവിള, ആര്യങ്കോട് പഞ്ചായത്തുകളിൽ പണിപൂർത്തിയാകാത്ത പ്രവൃത്തികൾ**

4768 **ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള, ആര്യങ്കോട് പഞ്ചായത്തുകളിൽ ലേബർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്ത എൽ.എസ്.ജി.ഡി. വർക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്ത വർക്കുകളുടെ കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ**

**4769 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ സൂക്ഷ്മപരിശോധനയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവ് നൽകിയിട്ടുള്ളത്; ഉത്തരവിന്റെ കോപ്പി ഹാജരാക്കാമോ; എന്തുകൊണ്ടാണ് ഇത് സർക്കാർ പിരിച്ചുവിട്ടത്;

(ബി) പഞ്ചായത്തുകൾ ഓരോ വർഷവും പദ്ധതി തയ്യാറാക്കി അതിന് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് പകരം അഞ്ചു വർഷത്തേയ്ക്കുള്ള പദ്ധതികൾ ഒരുമിച്ച് തയ്യാറാക്കുന്ന രീതിയിലേക്ക് പദ്ധതി രൂപീകരണം മാറ്റുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

<u>വിശപ്പുരഹിതനഗരം പദ്ധതി</u>

4770 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
,, വി.റ്റി. ബൽറാം
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'വിശപ്പുരഹിതനഗരം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം നഗരങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്;

(സി) കൂടുതൽ നഗരങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് ആയതിലേക്കായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**അനാഥാലയങ്ങളുടെ പ്രവർത്തനം**

4771 ശ്രീ. വർക്കല കഹാർ
'' കെ. മുരളീധരൻ
'' ഷാഫി പറമ്പിൽ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) ദത്തെടുക്കൽ കേന്ദ്രങ്ങളെയും അനാഥാലയങ്ങളെയും നിരീക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യോഗ്യതയും നിലവാരവും പരിശോധിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>മാതൃക അംഗൻവാടികൾ</u>

4772 ശ്രീ. വി.ഡി. സതീശൻ
'' ലൂഡി ലൂയിസ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃക അംഗൻവാടികൾ സ്ഥാപിക്കുന്നകാര്യം ആലോചനയിലുണ്ടോ; വിശദമാക്കുമോ;

(ബി) മാതൃക അംഗൻവാടികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വൃദ്ധരുടെ സംരക്ഷണത്തിനായുള്ള പദ്ധതികളും കൗമാര പ്രായക്കാർക്കുള്ള സേവനങ്ങളും മാതൃക അംഗൻവാടികൾ മുഖേന നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

## കേന്ദ്ര ബാലവികസന പദ്ധതി

4773 ശ്രീ. ഷാഫി പറമ്പിൽ
'' പി. സി. വിഷ്ണുനാഥ്
'' പാലോട് രവി
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബാലവികസന പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### ശ്രുതിതരംഗം പദ്ധതി

4774 ശ്രീ. വര്‍ക്കല കഹാര്‍
,, എ. റ്റി. ജോര്‍ജ്
,, അന്‍വര്‍ സാദത്ത്
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 'ശ്രുതിതരംഗം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗക്കാര്‍ക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്;

(സി) ഏതെല്ലാം ഏജന്‍സി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) എങ്ങനെയാണ് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ധനം സമാഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ**
**പുതിയ ക്ഷേമ പദ്ധതികൾ**

4775 **ശ്രീ. കെ.എൻ.എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഈ വർഷം നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;**

(ബി) **ഓരോ പദ്ധതിക്കും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട്;**

(സി) **ഓരോ പദ്ധതിക്കും എന്തു തുക വീതം കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ബാലനീതി നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്**

4776 ശ്രീ. ബെന്നി ബെഹനാന്‍
'' പി.എ. മാധവന്‍
'' റ്റി.എന്‍. പ്രതാപന്‍
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 2000-ലെ ബാലനീതി നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ശിശുക്ഷേമസമിതിയും ജുവനൈല്‍ ജസ്റ്റിസ് ബോര്‍ഡു കളും രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എല്ലാ ജില്ലകളിലും ജുവനൈല്‍ ജസ്റ്റിസ് ബോര്‍ഡുകള്‍ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി കമ്മീഷൻ</u>**

**4777** ശ്രീ. വി.ഡി. സതീശൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' കെ.മുരളീധരൻ
'' പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിനായി കമ്മീഷൻ രൂപീകരിക്കുന്നകാര്യം പരിഗണന യിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഉപേക്ഷിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി**

4778 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശരായ രോഗികളെയും വൃദ്ധരെയും വിവിധ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഉപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഉപേക്ഷിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്രപേരെ പുനരധിവസിപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കായി**
**പ്രത്യേകം ക്ലിനിക്കുകൾ**

**4779 ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പുതുതായി വൃദ്ധ സദനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേകം ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**അഗതി - അശരണ കേന്ദ്രങ്ങൾക്ക് സഹായം**

4780 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്കും വികലാംഗർക്കും നിലവിൽ എന്തൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിശ്വാസ്യതയുള്ളതും സ്വകാര്യ വ്യക്തികളും ട്രസ്റ്റുകളും നടത്തുന്നതുമായ അഗതി, അശരണ കേന്ദ്രങ്ങൾക്ക് നിലവിൽ എന്തെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>സംയോജിത ശിശുവികസന സേവനം</u>**

**4781 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇലലാത്ത എത്ര അംഗനവാടികൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) അംഗൻവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) സംയോജിത ശിശു വികസന സേവനം എന്ന ഫ്ളാഗ് ഷിപ്പ് പരിപാടി മുഖേന എന്തെല്ലാം സേവനങ്ങൾ/സൗകര്യങ്ങൾ ആണ് അംഗൻവാടി കേന്ദ്രങ്ങൾ മുഖേന കുട്ടികൾക്ക്നൽകി വരുന്നത് ; വിശദാംശം നൽകാമോ ;

(ഡി) സ്ത്രീകൾക്കും, കുട്ടികൾക്കും വേണ്ടിയുളള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി അംഗൻവാടികളെ വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ക്ഷേമപെൻഷനുകൾ ബാങ്ക് മുഖേന**

**4782** **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ക്ഷേമപെൻഷനുകൾ ബാങ്കുമുഖേന വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ;**

(ബി) **പ്രസ്തുത തീരുമാനം യാത്രചെയ്യാൻ കഴിയാത്ത വികലാഗംരെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;**

(സി) **എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?**

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>വിവിധ ക്ഷേമ പെൻഷനുകൾ</u>**

**T 4783 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പെൻഷനുകളുടെ പ്രതിമാസ തുക എത്രയാണെന്നും ഇവ ലഭിക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശിക ഇനത്തിൽ ഓരോ വിഭാഗത്തിനും എത്ര തുക വീതമാണ് നൽകാനുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>മക്കളാൽ അവഗണിക്കപ്പെടുന്ന</u>**
**<u>മാതാപിതാക്കൾക്ക് പെൻഷൻ</u>**

4784 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മക്കളുടെ അവഗണനമൂലം അവശത അനുഭവിക്കുന്ന മാതാപിതാക്കളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് പെൻഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഒരു പെൺകുട്ടിമാത്രമുള്ള ദമ്പതികൾക്ക് സഹായം**

**4785 ശ്രീമതി. കെ.കെ.ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു പെൺകുട്ടി മാത്രമുളള ദമ്പതികൾക്ക് സർക്കാർ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ദമ്പതികൾക്ക് കേന്ദ്രസർക്കാർ ധനസഹായവും മകളുടെ വിദ്യാഭ്യാസത്തിന് ആനുകൂല്യങ്ങളും നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സംസ്ഥാനത്തും ഇത്തരം സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**വികലാംഗര്‍ക്ക് ബയോമെട്രിക് തിരിച്ചറിയല്‍ കാര്‍ഡ്**

**4786** **ശ്രീ. ചിറ്റയം ഗോപകുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എല്ലാ വികലാംഗര്‍ക്കും സമയ ബന്ധിതമായി ബയോമെട്രിക് തിരിച്ചറിയല്‍ കാര്‍ഡ് നല്‍കുന്നതിന് വികലാംഗരെ സംബന്ധിച്ച സംസ്ഥാന കോ-ഓര്‍ഡിനേഷന്‍ കമ്മിറ്റിയുടെ ഉന്നത തലയോഗം തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത തീരുമാനത്തിന്മേല്‍ നാളിതുവരെ കൈക്കൊണ്ടിട്ടുളള നടപടികള്‍ എന്തെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>വികാലാംഗരുടെ പേരില്‍ പ്രവര്‍ത്തിക്കുന്ന അനധികൃത സ്ഥാപനങ്ങള്‍ക്കെതിരെ നടപടി</u>

**4787** **ഡോ. കെ. ടി. ജലീല്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വികലാംഗരുടെ ക്ഷേമപ്രവര്‍ത്തനങ്ങള്‍ക്കെന്ന പേരില്‍ അനധികൃതമായി പ്രവര്‍ത്തിച്ച് വരുന്ന സ്ഥാപനങ്ങള്‍ ശ്രദ്ധയില്‍ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇത്തരം സ്ഥാപനങ്ങളുടെ പേര് വിവരങ്ങള്‍ വെളിപ്പെടുത്തുമോ ;

(സി) ഇത്തരം സ്ഥാപനങ്ങള്‍ക്കെതിരെ എന്ത് നടപടി എടുക്കാനാണ് സര്‍ക്കാര്‍ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>വനിതാ കമ്മീഷൻ നടത്തിയ അനധികൃത കാർ വില്പന</u>

**4788 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വനിതാ കമ്മീഷന്റെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു കൊണ്ടിരുന്ന 2000 മോഡൽ അംബാസഡർ കാർ വിൽപ്പന നടത്തിയോ; എങ്കിൽ എന്ത് തുകയ്ക്ക്, ആർക്കാണ് വില്പന നടത്തിയത്; വിൽപ്പന നടത്താൻ കാരണമെന്ത്; വ്യക്തമാക്കുമോ;

(ബി) നിയമപ്രകാരം പത്രങ്ങളിൽ പരസ്യം നൽകാതെയാണ് കാർ വില്പന നടത്തിയതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാർ വളരെ തുച്ഛമായ വിലയ്ക്ക് വില്പന നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം വനിതാ കമ്മീഷന്റെ ആവശ്യത്തിനായി പുതിയ കാർ വാങ്ങിയോ; എങ്കിൽ ഏത് തരം കാറാണെന്നും എന്ത് തുകയ്ക്കാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ;

(ഇ) വനിതാ കമ്മീഷന്റെ ഇത്തരം നടപടികൾ അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**തവനൂര്‍ പഞ്ചായത്തില്‍ പ്രവര്‍ത്തിക്കുന്ന മഹിളാ മന്ദിരത്തില്‍ ജീവനക്കാരുടെ അഭാവം**

**4789** **ഡോ. കെ. ടി. ജലീല്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തവനൂര്‍ മണ്ഡലത്തിലെ തവനൂര്‍ പഞ്ചായത്തില്‍ പ്രവര്‍ത്തിക്കുന്ന മഹിളാമന്ദിരത്തില്‍ ആവശ്യത്തിന് ജീവനക്കാരില്ലാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തില്‍ ഇപ്പോള്‍ ഒരു മേട്രനും ഒരു പുരുഷ പ്യൂണും മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ അടിയന്തിരമായി മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കില്‍ എന്നത്തേക്ക് നിയമിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ചേർത്തല മായിത്തറയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനം</u>

4790

**ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ചേർത്തല മായിത്തറയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വൃദ്ധസദനത്തിൽ എത്രപേരെയാണ് താമസിപ്പിച്ചിട്ടുളളത് എന്ന് അറിയിയ്ക്കാമോ; ചേർത്തലയിലെ വിവിധ പ്രദേശങ്ങളിലുളള അശരണരായവരെ പ്രസ്തുത വൃദ്ധസദനത്തിൽ പ്രവേശിപ്പിച്ച് താമസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വൃദ്ധസദനത്തിന്റെ വികസനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**സ്വന്തമായി സ്ഥലമുള്ള അംഗവൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം**

4791 **ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമുള്ള അംഗവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് തുക യാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക്, കൊടകര ബ്ലോക്ക് എന്നിവിടങ്ങളിലെ എത്ര അംഗവൻവാടി കൾക്കാണ് കെട്ടിടം നിർമ്മിക്കുവാൻ തുക അനുവദിച്ചി ട്ടുള്ളത് ; വിശദമാക്കുമോ ;

(സി) കെട്ടിട നിർമ്മാണത്തിന് ധനസഹായം ആവശ്യപ്പെട്ടു കൊണ്ട് പ്രസ്തുത ബ്ലോക്കുകളിലെ എത്ര അംഗൻവാടി കളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് അറിയി ക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**വൈക്കം നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ**

4792

**ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) അവയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുമോ;

(ഡി) വൈക്കം നിയോജകമണ്ഡലത്തിലെ അംഗൻവാടികളുടെ പ്രവർത്തനങ്ങൾക്ക് 2011-12 കാലയളവിൽ ചെലവഴിച്ച തുക പഞ്ചാചയത്ത് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>സി.ഡി.പി.ഒ. നിയമനം</u>

4793 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2002 മുതൽ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിൽ സി. ഡി. പി. ഒ. സ്ത്രീകൾക്കായി സംവരണം ചെയ്ത തസ്തികകളിൽ പുരുഷൻമാരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വീഴ്ചക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കല്യാശ്ശേരി അഡീഷണൽ ഐ. സി. ഡി. എസ്. ഓഫീസ് കെട്ടിടം**

4794 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി അഡീഷണൽ ഐ. സി. ഡി. എസ്. പ്രോജക്ട് ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസമെന്താണെന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ ?**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 20.

**"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.**